# കേരള സർവകലാശാല

നം.പി.ആർ.104/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

2018 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2017 അഡ്മിഷൻ – റെഗുലർ, 2016 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2015 & 2014 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 27 വരെ അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധന

2018 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എച്ച്.എം ഡിഗ്രി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡ്/ഹാൾടിക്കറ്റുമായി ഇ.ജെ III സെക്ഷനിൽ മെയ് 18 മുതൽ 25 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ടൈംടേബിൾ

ബി.പി.എ 2005, 2006 അഡ്മിഷൻ വിദ്യാർത്ഥികളുടെ മെഴ്സിചാൻസ് പരീക്ഷകൾ മെയ് 27 മുതൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ഇന്റേണൽ മാർക്ക്

വിദൂര വിദ്യാഭ്യാസം വഴി നടത്തുന്ന എം.എസ്.സി കമ്പ്യൂട്ടർ സയൻസ് ഒന്നും രണ്ടും സെമസ്റ്റർ (2017 ബാച്ച്) ഇന്റേണൽ മാർക്കുകൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ www.ideku.net എന്ന വെബ്സൈറ്റിൽ. പരാതിയുള്ളവർ ജൂൺ 1 ന് മുൻപായി കോ–ഓർഡിനേറ്ററെ അറിയിക്കേണ്ടതാണ്.

## പരീക്ഷാഫീസ്

2019 ജൂൺ 12 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ മെയ് 20 വരെയും 50 രൂപ പിഴയോടെ മേയ് 22 വരെയും 125 രൂപ പിഴയോടെ മെയ് 24 വരെയും അപേക്ഷിക്കാം.

## അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (സി.എ.സി.ഇ.ഇ) നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗാ തെറാപ്പി (മോർണിംഗ് ബാച്ച്) കോഴ്സിന് ജൂൺ 3 വരെ അപേക്ഷിക്കാം കോഴ്സ് കാലാവധി: ഒരു വർഷം, സമയം: രാവിലെ 7 മണി മുതൽ 9 മണി വരെ. യോഗ്യത: സർവകലാശാല അംഗീകൃത ബിരുദം കോഴ്സ്ഫീസ്: 19500/- രൂപ അപേക്ഷാഫീസ്: 100 രൂപ. അപേക്ഷാഫോറത്തിന് സർവകലാശാല സെനറ്റ് ക്യാമ്പസിലെ എസ്.ബി.ഐ ബാങ്കിൽ A/c No. 57002299878 ൽ 100 രൂപ അടച്ച രസീത് സഹിതം പി.എം.ജി ജംഗ്ഷനിലുള്ള (സ്റ്റുഡൻസ് സെന്റർ ക്യാമ്പസ്) സി.എ.സി.ഇ.ഇ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക്: 0471 – 2302523

സർവകലാശാലയിലെ തമിഴ് പഠന വകുപ്പ് നടത്തുന്ന നാലുമാസത്തെ പാർട്ട് ടൈം സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫംങ്ഷണൽ തമിഴ് ജൂൺ 3 ന് ആരംഭിക്കും. യോഗ്യത: പ്ലസ്ടു ഫീസ്: 3000/- അപേക്ഷാഫോം കാര്യവട്ടത്തുള്ള തമിഴ് പഠനവകുപ്പിലും വെബ്സൈറ്റിലും ലഭ്യമാണ്. അവസാന തീയതി മെയ് 30. ഫോൺ: 0471 2308919

വിവിധ സർവകലാശാലകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകളുടെ നടത്തിപ്പ് ഏകീകരിക്കാനുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഐ.എം.കെ കാര്യവട്ടം ക്യാമ്പസിൽ നടക്കുന്ന എം.ബി.എ 2019 (സി.എസ്.എസ്) പ്രവേശനത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 23 വൈകുന്നേരം 5 മണി വരെ. വിശദവിവരങ്ങൾ അഡ്മിഷൻ പോർട്ടലിൽ ലഭ്യമാണ്.

സർവകലാശാല മനഃശാസ്ത്രവിഭാഗത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സെന്റർ ഫോർ ജെറിയാട്രിക് സ്റ്റഡീസിൽ നടത്തിവരുന്ന പി.ജി ഡിപ്ലോമ കോഴ്സിലേയ്ക്ക് (P.G.D.C.(G)) അപേക്ഷ ക്ഷണിച്ചു. ഒരു വർഷ ദൈർഘ്യമുള്ള പ്രസ്തുത കോഴ്സിൽ ചേരുന്നതിന് ഡിഗ്രിയാണ് അടിസ്ഥാന യോഗ്യത. കോഴ്സ് ഫീസ്: 15000 രൂപ. ശനി, ഞായർ ദിവസങ്ങളിൽ കാര്യ

വട്ടം ക്യാമ്പസിലുള്ള മനഃശാസ്ത്രവിഭാഗത്തിലാണ് ക്ലാസുകൾ നടത്തുന്നത്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 3. അപേക്ഷാഫോറവും വിശദവിവരങ്ങളും വെബ്സൈറ്റിൽ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9447221421

തിരുവനന്തപുരം,
17–05–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098